പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2554

09.07.2015-ൽ
മറുപടിയ്ക്ക്

## 'റവന്യു വകുപ്പിൻെറ കാര്യക്ഷമമായ പ്രവർത്തനത്തിന് കർമ്മ പദ്ധതി'

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. പി. സി. വിഷ്ണുനാഥ്<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. അടൂർ പ്രകാശ്<br>റവന്യുവും കയറും വകുപ്പ് മന്ത്രി |
| (എ) റവന്യു ദിനം പ്രഖ്യാപിച്ച് ആഘോഷങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ആഘോഷങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) സംസ്ഥാനത്ത് റവന്യു ദിനം പ്രഖ്യാപിച്ച് ആഘോഷങ്ങൾ നടത്തിയിട്ടുണ്ട്. കേരളത്തിലെ ഭൂപരിഷ്കരണ പ്രവർത്തനങ്ങൾ വ്യവസ്ഥാപിതമാക്കുന്നതിൽ നിർണ്ണായക സ്വാധീനം ചെലുത്തിയ 1886 ഫെബ്രുവരി 24-ലെ റവന്യു സെറ്റിൽമെന്റ് പ്രൊക്ളമേഷൻെറ പ്രാധാന്യം കണക്കിലെടുത്തു കൊണ്ട് എല്ലാ വർഷവും ഫെബ്രുവരി 24-ാം തീയതി റവന്യു ദിനമായി ആചരിക്കാൻ സർക്കാർ ഉത്തരവായിട്ടുള്ളതാണ്. അതിൻെറ അടിസ്ഥാനത്തിൽ 2013, 2014, 2015 വർഷങ്ങളിൽ ഫെബ്രുവരി 24 റവന്യു ദിനമായി ആഘോഷിക്കുകയുണ്ടായി.<br><br>ഫെബ്രുവരി 24-ാം തീയതി റവന്യു ദിനമായി ആചരിക്കുന്നതിൻെറ ഭാഗമായി റവന്യു ഓഫീസുകൾ വഴി പൊതുജനങ്ങൾക്ക് നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനായും ജീവനക്കാരുടെ ഉത്സാഹം ഉണർത്തുന്നതിനായും സംസ്ഥാനത്തെ ഓരോ ജില്ലയിലെയും മികച്ച ഡെപ്യൂട്ടി കളക്ടർ, മികച്ച തഹസിൽദാർ, മികച്ച ഡെപ്യൂട്ടി തഹസിൽദാർ, മികച്ച സേവനം കാഴ്ച വയ്ക്കുന്ന മൂന്ന് വില്ലേജാഫീസർമാർ എന്നിവരെ തിരഞ്ഞെടുത്ത് പുരസ്കാരങ്ങൾ നൽകി വരുന്നു. കൂടാതെ സംസ്ഥാനത്ത് ഏറ്റവും സ്തുത്യർഹവും പ്രശംസനീയവുമായ സേവനം കാഴ്ച വയ്ക്കുന്ന ജില്ലാ കളക്ടർക്കും അന്നേ ദിവസം പുരസ്കാരം നൽകുന്നുണ്ട്. സർവ്വേ വകുപ്പിലെ മികച്ച ഉദ്യോഗസ്ഥർക്കും ടി ദിനത്തിൽ പുരസ്കാരങ്ങൾ നൽകി വരുന്നു. റവന്യു ദിനാചരണത്തോടനുബന്ധിച്ച് ദുരന്ത നിവാരണ ബോധവത്ക്കരണ ശില്പശാലയും സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) റവന്യു വകുപ്പിൻെറ കാര്യക്ഷമമായ പ്രവർത്തനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ഇതോടനുബന്ധിച്ച് ആവിഷ്കരിച്ചിട്ടുള്ളത്; | (ബി) റവന്യു ദിനാചരണവുമായി ബന്ധപ്പെട്ട് റവന്യു വകുപ്പിലെ വിവിധ തലങ്ങളിലുള്ള ജീവനക്കാർക്ക് അവരുടെ പ്രവർത്തന മികവിനെ അടിസ്ഥാനമാക്കി പുരസ്ക്കാരങ്ങൾ നൽകി വരുന്നുണ്ട്. ഇത് ജീവനക്കാരിൽ കൂടുതൽ കാര്യക്ഷമവും മെച്ചപ്പെട്ടതുമായ സേവനം പൊതു ജനങ്ങൾക്ക് പ്രദാനം ചെയ്യാൻ പ്രേരിതമാക്കുന്നു. അത് മൂലം സാധാരണക്കാരായ പൊതുജനത്തിന് വേഗത്തിലും കാര്യക്ഷമവുമായ സേവനം ലഭിക്കുന്നതാണ്. |
| (സി) എന്തെല്ലാം തുടർ നടപടികളാണ് ഇതിന്മേൽ സ്വീകരിക്കാനുദ്ദേശിക്കുന്നത്. വിശദമാക്കാമോ? | (സി) റവന്യു വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന വിവിധ പദ്ധതികളിന്മേലുള്ള സെമിനാറുകളും ദുരന്ത നിവാരണ-ലഘൂകരണ പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിനും ഏകോപനത്തിനുമുതകുന്ന ശിൽപ്പശാലകളും ഇതോടനുബന്ധിച്ച് സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ